# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.293 - 29/06/2016 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ പൊതുകടം

| ചോദ്യം<br><br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.വി.ആർ.സുനിൽകുമാർ | ഉത്തരം<br><br>ഡോ.റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സാമ്പത്തിക വർഷം ആരംഭിച്ചതിനുശേഷം എത്ര കോടി രൂപ വായ്പയെടുക്കേണ്ടതായി വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം 30.04.2016 വരെ 1228.06 (തനി) കോടിരൂപ വായ്പയെടുത്തിട്ടുണ്ട്. |
| (ബി) 2016 മാർച്ച് 31 ന് ഖജനാവിൽ എത്ര തുക നീക്കിയിരിപ്പുണ്ടായിരുന്നു വെന്ന് വ്യക്തമാക്കുമോ ; | 2016 മാർച്ച് 31 ന് ട്രഷറി ബിൽ നിക്ഷേപമായി 1643.49 കോടി രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. എന്നാൽ പെൻഷൻ കുടിശ്ശികയിനത്തിലും (1000 കോടിയിൽ പരം രൂപ) വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തു തീർക്കാനുള്ള ബില്ലും (2000 കോടി രൂപ) കരാറുകാർക്കും അവരുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്ന ബാങ്കുകൾക്കും (1600 കോടിരൂപ) വിവിധ പൊതു മേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ തുടങ്ങിയവയിൽ നിന്ന് സ്ഥിര നിക്ഷേപമായി സമാഹരിച്ച (1365 കോടി രൂപ) തുകയും ഉൾപ്പെടെ ആകെ 5965 കോടിയിൽ പരം രൂപ നടപ്പു സാമ്പത്തിക വർഷം അടിയന്തിരമായി കൊടുത്തു തീർക്കുവാനുണ്ട്. |
| (സി) സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ എത്ര കോടി രൂപയാണ്; ഈ പൊതുകടം നിയന്ത്രിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാനുദ്ദേശി ക്കുന്നതെന്ന് വിശദമാക്കുമോ ? | 2015-16 ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.03.2016-ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,55,389.33 കോടിരൂപയാണ്. സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് കുറച്ചുകൊണ്ടും നികുതി പിരിവ് |

| | |
|---|---|
| | ഊർജ്ജിതപ്പെടുത്തി, പുതിയ നികുതി-നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തിക്കൊണ്ടും, വികസനാവശ്യത്തിനായി വിവിധ ഏജൻസികളിൽ നിന്നും പൊതു വിപണിയിൽ നിന്നും എടുക്കുന്ന വായ്പകളിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പരിധികൾ പാലിച്ചുകൊണ്ടും കൃത്യമായ സാമ്പത്തിക അച്ചടക്ക നടപടികളിലൂടെ അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്തിന്റെ കടബാധ്യത കുറച്ചുകൊണ്ടുവരാൻ ശ്രമിച്ചുവരികയാണ്. |

*അക്കൗണ്ട്സ് ഓഫീസർ*